# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 നവംബർ 29

# വാർത്താക്കുറിപ്പ്

## പരീക്ഷാ ഫലം

2021 സെപ്റ്റംബറിൽ നടന്ന എട്ടാം സെമസ്റ്റർ ബി.ടെക് (സീപാസ്) റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1448/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. ഫുഡ് ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി റഗുലർ, ഇംപ്രൂവ്മെന്റ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ഒൻപതുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1449/2021)

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ എം.എ./ എം.സി.ജെ./ എം.എസ്.ഡബ്ല്യു./ എം.എച്ച്.എം./ എം.എം.എച്ച്./ എം.ടി.എ. ആന്റ് എം.ടി.ടി.എം. (2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി/ 2015, 2014, 2013, 2012 അഡ്മിഷൻ - മേഴ്സി ചാൻസ്) (സി.എസ്.എസ്.) പരീക്ഷകൾ ഡിസംബർ 14 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1450/2021)

നാലാം സെമസ്റ്റർ എം.എസ് സി. (2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി/ 2015, 2014, 2013, 2012 അഡ്മിഷൻ - മേഴ്സി ചാൻസ്) (സി.എസ്.എസ്.) പരീക്ഷകൾ ഡിസംബർ 14 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1451/2021)

നാലാം സെമസ്റ്റർ എം.കോം (2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി/ 2015, 2014, 2013, 2012 അഡ്മിഷൻ - മേഴ്സി ചാൻസ്) (സി.എസ്.എസ്.) പരീക്ഷകൾ ഡിസംബർ 14 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1452/2021)

## അപേക്ഷാ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ആറുമുതൽ 10 വരെ സെമസ്റ്റർ ബി.എ. - എൽ.എൽ.എബി. (പഞ്ചവത്സരം - ഓണേഴ്സ് - 2006 അഡ്മിഷൻ - മുതൽ മേഴ്സിചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ ഒന്നുവരെയും 525 രൂപ പിഴയോടെ ഡിസംബർ രണ്ടിനും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ മൂന്നിനും അപേക്ഷിക്കാം. വിദ്യാർഥികൾ 7350 രൂപ രണ്ടാം മേഴ്സി ചാൻസ് ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1453/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എം.എസ് സി. നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (ഫിസിക്സ്) 2021 ബാച്ചിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. അർഹരായ വിദ്യാർഥികൾ അസൽ യോഗ്യതാ രേഖകളുമായി നവംബർ 30ന് വൈകീട്ട് 3.30നകം സർവകലാശാല ഭരണവിഭാഗത്തിലെ 21-ാം നമ്പർ മുറിയിൽ നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ:

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിൽ എം.എസ് സി. മാത്തമാറ്റിക്സ്, എം.എസ് സി. സ്റ്റാറ്റിസ്റ്റിക്സ് വിഷയങ്ങളിൽ എസ്.സി., എസ്.ടി., ഒ.ഇ.സി., ജനറൽ, വിഭാഗങ്ങളിൽ ഏതാനും സീറ്റൊഴിവുണ്ട്. താത്പര്യമുള്ളവർ ഇന്ന് (നവംബർ 30) തന്നെ ബന്ധപ്പെടുക. ഫോൺ: 8304870247

(പി.ആർ.ഒ/39/1455/2021)

## വൈവാ -വോസി

നാലാം സെമസ്റ്റർ പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകളുടെ വൈവാ -വോസി ഡിസംബർ ഒന്നുമുതൽ 15 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1456/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 നവംബർ 29

# വാർത്താക്കുറിപ്പ്- 2

## ബി എഡ്, പീ ജി പ്രവേശനം: രണ്ടാം സപ്ലിമെന്ററി അലോട്മെന്റ്

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ഏകജാലകം വഴിയുള്ള ബിരുദാനന്തര - ബിരുദ, ബി എഡ് പ്രവേശനത്തിന്റെ രണ്ടാം സപ്ലിമെന്ററി അലോട്മെന്റ് പ്രസിദ്ധീകരിച്ചു. ഇതിൽ അലോട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി അടക്കേണ്ട സർവ്വകലാശാല ഫീസടച്ച് അലോട്മന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിസമ്പർ 2 ന് വൈകുന്നേരം നാലു മണിയ്ക്കകം അലോട്മന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടണം.

നിശ്ചിത സമയത്തിനകം ഫീസ് ഒടുക്കാത്തവരുടേയും ഫീസൊടുക്കിയ ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മന്റ് റദ്ദാകും.

രണ്ടാം സപ്ലിമെന്ററി അലോട്മെന്റിൽ പ്രവേശനത്തിനർഹത നേടിയ അപേക്ഷകർ തങ്ങൾക്ക് അലോട്മന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്നപക്ഷം ഓൺലൈനായി ഒടുക്കുന്ന യൂണിവേഴ്സിറ്റി ഫീസിനു പുറമേ ട്യൂഷൻ ഫീ ഉൾപ്പെടെയുള്ള ഫീസ് കോളേജുകളിൽ ഒടുക്കി പ്രവേശം ഉറപ്പാക്കേണ്ടതാണ്.

മുൻ അലോട്മെന്റുകളിൽ സ്ഥിരപ്രവേശമെടുത്ത് നിൽക്കുന്നവർ രണ്ടാം സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കുകയും അലോട്മെന്റ് ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത്തരക്കാർ നിലവിൽ ലഭിച്ച അലോട്മെന്റിൽ തന്നെ പ്രവേശനമെടുക്കേണ്ടതാണ്. ഇത്തരക്കാരുടെ മുൻ അലോട്മെന്റ് റദ്ദാക്കപ്പെട്ടിട്ടുണ്ട്. രണ്ടാം സപ്ലിമെൻ്ററി അലോട്ട്മെൻ്റിൽ താത്ക്കാലിക പ്രവേശനം അനുവദനീയമല്ല. ഒന്നാം സപ്ലിമെൻ്ററി അലോട്ട്മെൻ്റിൽ താത്ക്കാലിക പ്രവേശനം നേടിയിട്ടുള്ളവരും നിശ്ചിത സമയത്തിനകം അതത് കോളജുകളിലെത്തി പ്രവേശനം ഉറപ്പാക്കണം.

രണ്ടാം സപ്ലിമെന്ററി അലോട്മെന്റിനു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് ഡിസംബർ മൂന്ന് മുതൽ ഏഴ് വരെ ഓൺലൈൻ രജിസ്ട്രേഷൻ /ഓപ്ഷൻ രജിസ്ട്രേഷൻ നടത്താവുനതും തുടർന്ന് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും കോളേജുകൾക്ക് ഡിസംബർ 14വരെ സംവരണ -മെറിറ്റ് തത്വങ്ങൾ പലിച്ചു കൊണ്ട് പ്രവേശനം നടത്താവുന്നതുമാണ്. വീണ്ടും ഒഴിവു വരുന്ന സീറ്റുകളിലേക്ക് ഡിസംബർ 15 മുതൽ 18 വരെ ഓൺലൈൻ രജിസ്ട്രേഷൻ /ഓപ്ഷൻ രജിസ്ട്രേഷൻ നടത്താവുനതും തുടർന്ന് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും കോളേജുകൾക്ക് ഡിസംബർ 24വരെ സംവരണ -മെറിറ്റ് തത്വങ്ങൾ പലിച്ചു കൊണ്ട് പ്രവേശനം നടത്താവുന്നതുമാണ്. പ്രവേശന നടപടികൾ ഡിസംബർ 24 ന പൂർത്തീകരിക്കാനാണ് സർവ്വകലാശാല കോളജുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

(പി.ആർ.ഒ/39/1457/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ